# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2931 — 15.02.2013 - ൽ മറുപടിക്ക്

**മെന്റലി ചലഞ്ച്ഡ് ആയിട്ടുള്ള കുട്ടികൾക്കായി സർക്കാർ - സ്വകാര്യ മേഖലകളിൽ സ്കൂളുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) മെന്റലി ചലഞ്ച്ഡ് ആയിട്ടുള്ള കുട്ടികൾക്കായി സർക്കാർ - സ്വകാര്യ മേഖലകളിൽ, എത്ര സ്കൂളുകൾ നിലവിലുണ്ട്; ജില്ല തിരിച്ച് നൽകാമോ; | (എ) മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 278 സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ PWD Act/Rules പ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ പ്രസ്തുത വിഭാഗം കുട്ടികൾക്കായി സ്കൂളുകൾ നിലവിലില്ല. എന്നാൽ തിരുവനന്തപുരം പാങ്ങപ്പാറയിൽ സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ സ്വയം ഭരണ സ്ഥാപനമായി പ്രവർത്തിക്കുന്നു.<br><br>മുകളിൽ സൂചിപ്പിച്ച 278 സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം - 24<br>2. കൊല്ലം - 15<br>3. പത്തനംതിട്ട - 11<br>4. ആലപ്പുഴ - 16<br>5. കോട്ടയം - 27 |

| | | |
|---|---|---|
| 6. ഇടുക്കി | - | 8 |
| 7. എറണാകുളം | - | 49 |
| 8. തൃശ്ശൂർ | - | 23 |
| 9. പാലക്കാട് | - | 10 |
| 10. മലപ്പുറം | - | 27 |
| 11. കോഴിക്കോട് | - | 23 |
| 12. വയനാട് | - | 7 |
| 13. കണ്ണൂർ | - | 25 |
| 14. കാസറഗോഡ് | - | 13 |
| | | ----- |
| **ആകെ** | - | **278** |

**(ബി)** ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ മെൻറലി റിട്ടാർഡഡ് ഡി.എസ്.സി. (എം.ആർ) കോഴ്സ് സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങൾ നടത്തുന്നുണ്ട്; വിശദമാക്കാമോ;

**(ബി)** സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം എന്ന പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനത്തിൽ പ്രസ്തുത കോഴ്സ് നടത്തി വരുന്നു. സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ഉള്ള സ്ഥാപനങ്ങൾ പ്രസ്തുത കോഴ്സ് നടത്തുന്നില്ല. എന്നാൽ നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ (എൻ.ജി.ഒ.) പ്രസ്തുത കോഴ്സ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അവയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

**(സി)** പ്രസ്തുത കോഴ്സിന് പി.എസ്.സി. യുടെ അംഗീകാരമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ

**(സി)** പൊതുവിദ്യാഭ്യാസ വകുപ്പിൽ D.Ed.SE (MR) യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ നിലവിലില്ല. ആയതിനാൽ പി.എസ്.സി മുഖേന നിയമനം നടത്തേണ്ട ആവശ്യകത നിലവിലില്ലാത്തതിനാൽ പ്രസ്തുത വിദ്യാഭ്യാസ യോഗ്യത പി.എസ്.സി. അംഗീകരിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (ഡി) | ഡി.എസ്.ഇ.(എം.ആർ) പാസായവരെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ടോ; അവരുടെ വേതനം നിശ്ചയിച്ചിട്ടുണ്ടോ; | (ഡി) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകൾ നിലവിലില്ല. ആയതിനാൽ അദ്ധ്യാപക നിയമനം നടത്തുകയോ വേതനം നിശ്ചയിക്കുകയോ ചെയ്യേണ്ട ആവശ്യകത നിലവിലില്ല. |
| (ഇ) | സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയും രീതിയും വിശദമാക്കാമോ? | (ഇ) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്നതും പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർ.സി.ഐ.)യുടെ അംഗീകാരമുള്ള ട്രെയിനിംഗ് കോഴ്സ് പാസായവരും ആർ.സി.ഐ.യുടെ രജിസ്ട്രേഷൻ ഉള്ളവരുമായ അദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് PWD Act/Rules, RCI Act എന്നിവയാണ് ബാധകം. അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയും നിയമനരീതിയും സംബന്ധിച്ച് സംസ്ഥാന സർക്കാർ പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.